# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :789 30.11.2018 ലെ മറുപടിയ്ക്ക്

## എസ്.സി. എസ്.ടി. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്.ശർമ്മ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിൽ നിന്നും എസ്.സി. എസ്.ടി. ചികിൽസാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | പട്ടികജാതി വിഭാഗത്തിൽ 488 അപേക്ഷകളും പട്ടികവർഗ്ഗ വിഭാഗത്തിൽ 39 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. |
| ബി) | ഇതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | പട്ടികജാതി വിഭാഗത്തിൽ 458 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽ 39 അപേക്ഷകർക്കും ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. |
| സി) | ദുരിതാശ്വാസ നിധിയിൽ നിന്നും കാലതാമസം കൂടാതെ ധനസഹായം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | സി) | പട്ടികജാതി വികസന വകുപ്പിൽ കാലതാമസം കൂടാതെ ധനസഹായം നൽകുന്നതിലേയ്ക്കായി ചികിത്സാ ധനസഹായ പദ്ധതി ടി-ഗ്രാന്റ്സ് എന്ന പേരിൽ ഓൺലൈൻ സംവിധാനം മുഖേന നവീകരിച്ചിട്ടുണ്ട്. അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം ഓൺലൈനായി അപേക്ഷിച്ചാൽ ജില്ലാ |

| | | | |
|---|---|---|---|
| | | | പട്ടികജാതി വികസന ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, വകുപ്പ് മന്ത്രിയുടെ ഓഫീസ് എന്നിവ മുഖേന പരിശോധിച്ച് തുക പാസാക്കി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന ട്രഷറി ബിൽ മാറി ധനസഹായം അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നതാണ്. എം.എൽ.എ, എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാക്ഷ്യപത്രം മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ നേരിട്ട് ബഹു.മന്ത്രിയ്ക്ക് എത്തുകയും മേൽ നടപടികൾ അതിവേഗം സ്വീകരിക്കുന്നതിനുമുള്ള സംവിധാനവുമുണ്ട്. അക്ഷയകേന്ദ്രങ്ങൾ മുഖേന ഓൺലൈനായി അപേക്ഷ അയക്കുന്നതിനുള്ള ചെലവ് വകുപ്പ് വഹിക്കുന്നതുമാണ്.<br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ടി-ഗ്രാന്റ്സ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെട്ട തുക കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുക യാണ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**